**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** | **14-03-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ഹൗസിംഗ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ മാട്ടുമല ദേശത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി ഫൗണ്ടേഷൻ നിർമ്മിച്ചുവെങ്കിലും ഏറെ വർഷങ്ങളായി നിർമ്മാണം പൂർണ്ണമായും നിലച്ചിരിക്കുന്ന സാഹചര്യത്തിൽ, മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ ഭവന-ഭൂരഹിതരായ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ച് നല്കുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം ആരംഭിച്ചെങ്കിലും ഫൗണ്ടേഷൻ ജോലികൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. വിവിധ കാരണങ്ങളാൽ പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇനി ചെയ്യേണ്ട പ്രവർത്തികൾക്കായി പ്രൈസ് സോഫ്റ്റ്‌വെയറിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. പുതുക്കാട് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാട്ടുമല പ്രദേശത്തെ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടില്ല. പുതുക്കാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഭൂരഹിത - ഭവന രഹിത ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേന ധനസഹായം നല്കി ഭൂമി ആർജിച്ച ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. |
| (ബി) | ഹൗസിംഗ് ബോർഡിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണത്തോടെ പ്രസ്തുത ഹൗസിംഗ് പ്രോജക്ട് യാഥാർത്ഥ്യമാക്കി 48 ഭവനരഹിത കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ച് നല്കുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം ആരംഭിച്ചെങ്കിലും ഫൗണ്ടേഷൻ ജോലികൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. വിവിധ കാരണങ്ങളാൽ പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇനി ചെയ്യേണ്ട പ്രവർത്തികൾക്കായി പ്രൈസ് സോഫ്റ്റ്‌വെയറിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. പുതുക്കാട് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാട്ടുമല പ്രദേശത്തെ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടില്ല. പുതുക്കാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഭൂരഹിത - ഭവന രഹിത ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേന ധനസഹായം നല്കി ഭൂമി ആർജിച്ച ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ